പോലീസ് മർദ്ദനത്തെ തുടർന്ന് എൻ. എം. നാരായണൻ നായരുടെ മരണം

18 [1533] ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ കുന്ദംകുളത്ത് പോലീസ് മർദ്ദനത്തെ തുടർന്ന് എൻ. എം. നാരായണൻ നായർ മരണപ്പെട്ടതായി പരാതിയുണ്ടായിരുന്നോ;

(ബി) ഈ കാര്യത്തിൽ എന്ത് നടപടികളാണ് എടുത്തിട്ടുള്ളത്;

(സി) മനുഷ്യാവകാശ കമ്മീഷൻ ഈ കേസ്സിൽ എന്തെങ്കിലും ഉത്തരവ് സർക്കാരിന് നൽകിയിരുന്നുവോ ;

(ഡി) ബഹു: ഹൈക്കോടതിയുടെ ഉത്തരവ് സർക്കാരിന് നൽകിയിരുന്നുവോ;

(ഇ) നഷ്ടപരിഹാരമായി ഇടക്കാലാശ്വാസം നൽകാൻ സർക്കാരിന് ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) പരാതി ഉണ്ടായിരുന്നു.

(ബി) എൻ.എം. നാരായണൻ നായർ s/o. മീനാക്ഷിയമ്മ, കീഴൂർ, നമ്പലാട്ട് വീട്ടിൽ കുന്നംകുളം എന്നയാൾ മരണപ്പെട്ടതിന് 3-9-2001 തീയതി തൃശ്ശൂർ വെസ്റ്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 184/01യു/സി അൺനാച്ചറൽ ഡെത്ത് ആയി കേസ് രജിസ്റ്റർ ചെയ്തിരുന്നതും ടിയാൻ മരണപ്പെട്ടത് പോലീസ് മർദ്ദനത്തെത്തുടർന്നാണെന്നുള്ള പരാതിയുടെ അടിസ്ഥാനത്തിൽ തൃശ്ശൂർ എസ്.ഡി.എം. ഇൻക്വസ്റ്റ് നടത്തിയശേഷം മൃതദേഹം തൃശ്ശൂർ മെഡിക്കൽ കോളേജിൽ പോസ്റ്റ് മോർട്ടം നടത്തി. തുടർന്ന് ഈ കേസ് തൃശ്ശൂർ നാർക്കോട്ടിക് സെൽ ഡി. വൈ. എസ്. പി. ശ്രീ. ജോളി ചെറിയാൻ അന്വേഷണവും നടത്തുകയും ടി അന്വേഷണത്തിൽ മരണകാരണം ഹൃദയസ്തംഭനംമൂലമാണ് എന്ന പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേസ് ഫർതർ ആക്ഷൻ ഡ്രോപ്ഡ് (എഫ്.എ.ഡി.) ആയി ഫൈനൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ 2-9-2001-ാം തീയതി ടിയാന് മരണം സംഭവിക്കുന്നതിന് മുമ്പ് മർദ്ദനം ഏറ്റിട്ടുണ്ടെന്ന് റിപ്പോർട്ട് കിട്ടിയതിന്റെ അടിസ്ഥാനത്തിൽ കുന്നംകുളം പോലീസ് സ്റ്റേഷനിലെ സബ് ഇൻസ്പെക്ടർ ശ്രീ സോജന് എതിരെ കുന്നംകുളം പോലീസ് സ്റ്റേഷനിൽ 18-10-2001 തീയതി ക്രൈം 653/01 യു/എസ് 324 ഐ.പി.സി. ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും ടിയാനെതിരെ കുറ്റപത്രം സമർപ്പിച്ചിരുന്നതുമാണ്. എന്നാൽ ഈ കേസ് പുനരന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് പരാതികൊടുത്തതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ കേസിന്റെ കോടതി നടപടികൾ നിറുത്തിവച്ച് കുന്നംകുളം ഡി.വൈ.എസ്.പി. ശ്രീ ഉണ്ണിരാജൻ പുനരന്വേഷണം നടത്തുകയും 23-8-2004 തീയതി അന്വേഷണ റിപ്പോർട്ട് ബന്ധപ്പെട്ട കോടതിക്ക് സമർപ്പിച്ചിട്ടുള്ളതും കേസ് വിചാരണയിലിരിക്കുന്നതുമാണ്.

(സി) & (ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരങ്ങൾ ലഭ്യമായതിനുശേഷം പരിഗണിക്കുന്നതാണ്.

2/2314/2012/DTP.

LIBRARY ARCHIVES Kerala Legislative Assembly